# യൗവനോൽസവം

വേനലിലുരുകുന്നൊ–
രീമരുഭൂവിൽ, ത്തീവ്ര
വേദന മാത്രം നിഴൽ
വിരിക്കും വഴികളിൽ



താങ്ങുവാനാകാത്തൊരീ–
ബ്ഭാരവും പേറിക്കൊണ്ടാ
ദൂരചക്രവാളവും
നോക്കി ഞാനലയുന്നു.

വീളറും പുലർകാല
താരകങ്ങൾ പോലെൻെറ
കരളിൻ കിനാവുകൾ
മങ്ങി മായുമീ നാളിൽ

നീലരാവിലൂടരി–
ച്ചെത്തുന്ന വെളിച്ചത്തിൻ
നേരിയ കിരണവും
കാത്തു ഞാനിരിക്കുന്നു.

പോരിക, നിലാവല
തല്ലുമീ രാവിൽ, പ്പൂത്ത
കാനന മരച്ചില്ല
നീട്ടുമീ നിഴലികൾ.

പാതി കൂമ്പിയ മിഴി–
ക്കോണുകൾ സ്വപ്നങ്ങളാൽ
മാല കോർത്തെടുക്കുമീ
യൗവനോൽസവത്തികൾ

ജീവിതമൊരു ഗാന–
മാധുരിപോലേ, പാന–
ഭാജനം തുളുമ്പട്ടേ
മുഗ്ധസകല്പത്താലേ!■

1961